# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 820 30.06.2011- ൽ മറുപടിനൽകേണ്ടത്.

### ഭൂമിയുടെ മതിപ്പുവില പ്രഖ്യാപിച്ചതിലെ അപാകതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.കെ. ശിവദാസൻനായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.എം.പി.വിൻസെന്റ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂമിയുടെ മതിപ്പുവില നിശ്ചയിച്ച് പ്രഖ്യാപിച്ചതിൽ പല അപാകതകളും കടന്നുകൂടിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) അശാസ്ത്രീയമായ മതിപ്പുവില പ്രഖ്യാപനംമൂലം പല സ്ഥലങ്ങളിലും ഭൂമി ക്രയവിക്രയം ചെയ്യാൻ പ്രയാസം നേരിടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) കേരള മുദ്രപ്പത്ര നിയമത്തിലെ നിബന്ധനകൾക്ക് വിധേയമായി ഭൂമിയെ 15 തരങ്ങളായി തിരിച്ച് ശാസ്ത്രീയമായാണ് മതിപ്പുവില നിശ്ചയിച്ചിട്ടുള്ളത്. എങ്കിലും ആയതിൽ അപാകതകൾ കടന്നുകൂടിയിട്ടുള്ളതും അതുമൂലം പല സ്ഥലങ്ങളിലും ഭൂമിക്രയവിക്രയം ചെയ്യാൻ പ്രയാസം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ? | (സി) ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്രകാരം അപ്പീൽ സമർപ്പിക്കുവാനുള്ള കാലാവധി 30 ദിവസമായിരുന്നത് ഒരു വർഷമായി നീട്ടിക്കൊണ്ടും അപ്പീൽ സമർപ്പിക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണം തൃപ്തികരമാണെന്ന് കളക്ടർക്ക് ബോദ്ധ്യപ്പെട്ടാൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കുന്ന അപ്പീലുകളും പരിഗണിക്കാവുന്നതാണെന്നും സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ